14 NOV 2014

പ്രേഷിതൻ - റഷീദ് സി.
തോലിയാനിക്കരയിൽ വീട്
ആനപ്പാറ, പത്തനംതിട്ട - 689 645

സ്വീകർത്താവ് - സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കളക്ട്രേറ്റ്, പത്തനംതിട്ട

സർ,

വിഷയം - വിവരാവകാശ നിയമം - 2005

1. അങ്ങയുടെ ഓഫീസിലും അങ്ങയുടെ ജില്ലയിലെ മുഴുവൻ ഓഫീസിലും നിലവിൽ ഇപ്പോൾ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പേര്, വീട്ടുവിലാസം, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ അറിയിക്കുക.
2. ഖണ്ഡിക 1ൽ പറഞ്ഞിരിക്കുന്ന ജീവനക്കാരിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകാതെ സീനിയർ ക്ലാർക്കും മുതിർന്ന ഓഫീസർമാരുമായും മറ്റ് തസ്തികയിലും പ്രമോഷനായ ജീവനക്കാരുടെ പേരും തീയതിയും അറിയിക്കുക.
3. ഖണ്ഡിക 2ൽ പറഞ്ഞിരിക്കുന്ന ജീവനക്കാരിൽ പട്ടികജാതിക്കാരായ ജീവനക്കാരുടെയും വികലാംഗരായ ജീവനക്കാരുടെയും പേര്, വൈകല്യത്തിന്റെ ശതമാനം എന്നിവ ജാതി, വൈകല്യം തിരിച്ച് അറിയിക്കുക.
4. ഖണ്ഡിക 3ൽ പറഞ്ഞിരിക്കുന്ന ജീവനക്കാരെ പ്രമോഷൻ ലഭിച്ചിട്ടും ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകാത്തതിനാൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരായിട്ടോ മറ്റ് താഴ്ന്ന തസ്തികയിലോ തരംതാഴ്ത്തിയിട്ടുണ്ടോ? ഉണ്ട് എങ്കിൽ ഏതൊക്കെ ജീവനക്കാരെയാണ് തരംതാഴ്ത്തിയത്/ അവരെ തരംതാഴ്ത്തിയ തീയതിയും പേരും അറിയിക്കുക.
5. ഖണ്ഡിക 1ൽ പറഞ്ഞിരിക്കുന്ന ഓഫീസുകളിൽ മുതിർന്ന പൗരന്മാരുടെയും ഒട്ടും നടക്കാൻ സാധിക്കാത്ത വികലാംഗരുടെയും സൗകര്യാർത്ഥം എന്തൊക്കെ സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്?
6. ഖണ്ഡിക 1ൽ പറഞ്ഞിരിക്കുന്ന ഓഫീസുകളിൽ തൽപതിവേഡ് എഴുതാത്ത ക്ലാർക്കുമാരുടെ പേരും സെക്ഷനും അറിയിക്കുക.
7. ഖണ്ഡിക 1ൽ പറഞ്ഞിരിക്കുന്ന ഓഫീസുകളിലെ ഹാജർബുക്കിൽ ഒപ്പ് രേഖപ്പെടുത്തുകയും എന്നാൽ ഓഫീസിലെ ഡെയ്‌ലി ക്യാഷ് രജിസ്റ്ററിൽ പേര് എഴുതി കൈവശം ഉള്ള തുകയെ സംബന്ധിച്ച വിവരം രേഖപ്പെടുത്താത്ത ജീവനക്കാരുടെ പേരും തസ്തികയും അറിയിക്കുക.
8. സർവ്വീസിൽ സംഘടനാപരമായ ആവശ്യങ്ങൾക്കു വേണ്ടി പോകുന്നതിനു ഖണ്ഡിക 1ൽ പറഞ്ഞിരിക്കുന്ന ഓഫീസുകളിൽ 2014 ജനുവരി 1നു ശേഷം നാളിതുവരെ എത്ര ആകസ്മിക അവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്/ എണ്ണം അറിയിക്കുക.
9. ഖണ്ഡിക 2ൽ പറഞ്ഞിരിക്കുന്ന ജീവനക്കാർ സീനിയർ ക്ലാർക്കുമാരായും മറ്റു തസ്തികയിലും പ്രമോഷൻ ആകുമ്പോൾ അവർക്ക് എത്ര വയസ്സ് ഉണ്ടായിരുന്നു.

മേൽ ഖണ്ഡികകളിലെ വിവരങ്ങൾക്ക് വിവരാവകാശ നിയമം 3(5), 6, 6(1), 6(3), 7(1) എന്നീ വകുപ്പുകൾ പ്രകാരം മറുപടി നൽകുവാൻ അപേക്ഷിക്കുന്നു. ഈ അപേക്ഷ സമർപ്പിക്കുന്ന ഞാൻ ഒട്ടും നടക്കുവാനോ പരസഹായമില്ലാതെ ചലിക്കുവാനോ കഴിയാത്ത ഒരു വികലാംഗനാണ് എന്നുകൂടി അറിയിച്ചുകൊള്ളട്ടെ.

എന്ന്

വിശ്വസ്തതയോടെ,

റഷീദ് സി.

പത്തനംതിട്ട
01.11.2014